ലക്കം 1 പുസ്തകം 5

ജനുവരി 2025

# ക്രിസ് വോയ്സ്

തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ



കഴിഞ്ഞ 3 വർഷക്കാലം ഇടവകയുടെ ആത്മീയ ഭൗതീക വളർച്ചയ്ക്കു വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിച്ച ഇടവക കൗൺസിൽ അംഗങ്ങൾക്ക് സ്നേഹപൂർവ്വം നന്ദി അർപ്പിക്കുന്നു



**എഡിറ്റോറിയൽ ബോർഡ്**

| | | |
|---|---|---|
| രക്ഷാധികാരി | : | മോൺ. ഡോ. ഡി. സെൽവരാജൻ |
| സഹ രക്ഷാധികാരി | : | ഫാ. അനുരാജ് ആർ.എൽ. |
| ചീഫ് എഡിറ്റർ | : | എസ്.ഒ.ഷാജികുമാർ |
| മാനേജിങ് എഡിറ്റർ | : | ബിബിൻ രാജ് |

*എഡിറ്റേഴ്സ്*

സിസ്റ്റർ ലൗലി സിറിയക്ക്
അനൂപ് എ.സി.
അതുൽ പി.എസ്.
റോജിൻ ആർ.ബി.
അനൂപ് എസ്.എസ്.
എസ്. സുധ

*ലേഔട്ട് & ഡിസൈൻ*

അതുൽ പി.എസ്.




# എഡിറ്റേഴ്സ് വോയ്സ്

പ്രിയരേ,

കത്തോലിക്കാസഭ പ്രതീക്ഷയോടെ ജൂബിലി വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന വേളയിൽ തിരുപുറം ഇടവകയിലും അടുത്ത മൂന്നു വർഷത്തേയ്ക്കുള്ള ഇടവക കൗൺസിൽ ശുശ്രൂഷ ചുമതലകൾ ഏറ്റെടുത്തിരിക്കുകയാണ്. ബി.സി.സി തലം മുതൽ നടന്ന തിരഞ്ഞെടുപ്പുകളെ തുടർന്ന് രൂപം കൊണ്ട വിവിധ സമിതികൾ സഭയുടെയും സമുദായത്തിന്റെയും വിശ്വാസവളർച്ചയ്ക്കും സമഗ്ര പുരോഗതിക്കും സഹായകമാകാനുള്ള കർമ്മ പദ്ധതികൾ രൂപം നൽകി നടപ്പിലാക്കാനും ഇടവക കുടുംബത്തിന്റെ ഐക്യത്തിനും പുരോഗതിക്കും വേണ്ടി നിലകൊള്ളാനും “ ക്രിസ് വോയ്സ് ” ആശംസകൾ നേരുന്നു.

ചീഫ് എഡിറ്റർ

# താളുകൾ മറിക്കുമ്പോൾ


| NO | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ഇടയസ്വരം | 3 |
| 2 | പുതു വർഷം പുതു ജീവിതം | 5 |
| 3 | വരി തന്നവരുടെ ലിസ്റ്റ് | 8 |
| 4 | പുതുവർഷം (കവിത) | 10 |
| 5 | ബി.സി.സി. യോഗങ്ങൾ | 11 |
| 6 | അപരൻ | 13 |
| 7 | പ്രത്യാശയുടെ പുത്തനാണ്ട് | 15 |
| 8 | ലോഗോസ് ക്വിസ്സ് 2025 | 18 |
| 9 | ലോഗോസ് ക്വിസ്സ് വിജയികൾ | 21 |
| 10 | പ്രത്യാശയിലേക്ക് ഒരു ജൂബിലി വർഷം | 22 |
| 11 | നവംബർ മാസത്തെ വരവ് ചെലവ് കണക്കുകൾ | 26 |
| 12 | വത്തിക്കാൻ ന്യൂസ് | 28 |

# ഇടയസ്വരം



പ്രിയപ്പെട്ടവരേ,

സമൃദ്ധിയുടെയും സമത്വത്തിന്റെയും സന്തോഷത്തിന്റെയും സന്ദേശവുമായി ഇതാ ഒരു പൊൻ പുതുവർഷം ആഗതമായി 2025 2024നെ വിട്ട് പുത്തൻ ഉണർവോടെ 2025 ലേക്ക് നാം കാലൂന്നി. 2025 ദൈവാനുഗ്രഹത്തിന്റെയും നന്മയുടെയും വർഷമായിരിക്കട്ടെയെന്ന് ആശംസിക്കുന്നു. കഴിഞ്ഞവർഷം ദൈവം നമ്മിൽ ഒത്തിരി അനുഗ്രഹങ്ങൾ ചൊരിഞ്ഞു. ആദ്ധ്യാത്മികമായും ഭൗതികമായും വളർച്ച നേടിയ വത്സരം. ദൈവവചനം വായിക്കാനും പഠിക്കാനും കൗദാശിക ജീവിതത്തിൽ ഉണർവ് പ്രാപിക്കാനും അവസരം നൽകിയ ദൈവത്തിന് നമുക്ക് നന്ദി പറയാം. കുറവുകളും പോരായ്മകളും നമ്മുടെ വ്യക്തിജീവിതത്തിൽ ഉണ്ടായിട്ടുണ്ടാകാം. അതിനെല്ലാം ദൈവത്തോട് ഹൃദയപൂർവ്വം മാപ്പ് ചോദിക്കാം.

ഈ പുതുവർഷത്തിൽ സഭ നമ്മെ ഒരു മഹാജൂബിലിയിലേക്ക് ക്ഷണിക്കുന്നു. നമ്മുടെ കർത്താവിന്റെ ജനനത്തിന്റെ മഹാജൂബിലി. ഇത് അനുഗ്രഹത്തിന്റെയും കൃപയുടെയും ദൈവകരുണയുടെയും സുന്ദര കാലഘട്ടമാണ്. ദൈവം നമുക്കായി നൽകുന്ന ദാനമാണ് ഈ ജൂബിലി വർഷം. 'പ്രത്യാശയുടെ തീർത്ഥാടകർ' എന്നതാണ് ഈ ജൂബിലി വർഷത്തിന്റെ വിഷയം. തീർത്ഥാടകർ എന്ന രീതിയിൽ സഭാതനയരായ നാം ദൈവവുമായുള്ള ബന്ധം ആഴപ്പെടുത്താനും സഹോദരങ്ങളുമായുള്ള സ്നേഹബന്ധം ദൃഢീകരിക്കാനും ശ്രദ്ധയോടെ പരിശ്രമിക്കണം.
നമ്മുടെ ഇടവക സമൂഹത്തിന് ഒരു പുതിയ ശുശ്രൂഷാനേതൃത്വം ദൈവത്താൽ നൽകപ്പെട്ട ഒരു കാലഘട്ടമാണിത്. കുടുംബയൂണിറ്റ് തലത്തിലും ഇടവകാതലത്തിലും ശുശ്രൂഷാപ്രവർത്തനങ്ങൾക്ക് സജീവമായ നേതൃത്വം നൽകുവാൻ എല്ലാ സഹോദരങ്ങൾക്കും സാധിക്കട്ടെ എന്നതാണ് എന്റെ ആശംസ.

ഈ പുതു വർഷത്തിൽ നാം വളരെ ശ്രദ്ധിക്കേണ്ട ഒരു കാര്യം സമയത്തിന്റെ വിനിയോഗമാണ്. സമയത്തിന്റെ വില നാം മനസ്സിലാക്കണം. നമുക്ക് ലഭിക്കുന്ന ഓരോ നിമിഷവും എത്ര വിലപ്പെട്ടതാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കാൻ നാം സന്നദ്ധരാകണം.അലസത വെടിഞ്ഞ്, ദൈവം തന്ന താലന്തുകൾ ശരിയായി വിനിയോഗിക്കുവാൻ വിശ്വാസ സമൂഹം മുഴുവൻ പരിശ്രമിക്കേണ്ടതുണ്ട്. കടന്നുപോകുന്ന സമയം; വിലപ്പെട്ട സമയം, വീണ്ടും കടന്നുവരുന്നില്ല. ദൈവസന്നിധിയിൽ നഷ്ടങ്ങളുടെ കണക്ക് പറയാതെ നേട്ടത്തിന്റെ കഥകൾ പറയാൻ - ദൈവാനുഗ്രഹത്തിന്റെ കഥകൾ പറയാൻ നമുക്ക് സാധിക്കണം. മറ്റുള്ളവരെ സഹായിക്കാൻ, ശുശ്രൂഷിക്കാൻ ഏറെ സമയം കണ്ടെത്താൻ ഈ നവവത്സരത്തിൽ നമുക്ക് കഴിയട്ടെ .

ഈ അവസരത്തിൽ നിങ്ങൾക്കെല്ലാവർക്കും ആത്മാർത്ഥമായി നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ആറ് വർഷക്കാലം എനിക്ക് നിങ്ങൾ നൽകിയ സ്നേഹത്തിനും പ്രോത്സാഹനത്തിനും വ്യക്തിപരമായി ഞാൻ നന്ദി പറയുന്നു. നിങ്ങളെ ഓരോരുത്തരെയും നിങ്ങളുടെ കുടുംബങ്ങളെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**മോൺ. ഡി സെൽവരാജൻ.**
**ഇടവക വികാരി.**










**കാഞ്ഞിരംകുളം യുണൈറ്റഡ് ക്രിസ്ത്യൻ ഫെല്ലോഷിപ്പ് സംഘടിപ്പിച്ച ഐക്യ ക്രിസ്തുമസ് റാലി 2024 വേളയിൽ തിരുപുറം ഇടവക വികാരി മോൺ. ഡി. സെൽവരാജൻ അച്ചനെ ആദരിക്കുകയും, പത്താം ക്ലാസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെ അഭിനന്ദിക്കുകയും ചെയ്തപ്പോൾ**

# പുതുവർഷം പുതു ജീവിതം



ജീവിതം ഒരു യാത്രയാണ്. ഒരു പാലത്തിലൂടെയുള്ള യാത്ര. ഈ പാലത്തിന്മേൽ ഭവനം അരുത്. കാരണം ഇത് ഒരു തീർത്ഥയാത്രയാണ്. മനസിൽ അനേകം ദേവന്മാരെ കുടിയിരുത്തിയവരാണ് റോമാക്കാർ. ഈ ദേവന്മാരിൽ ജാനസ് ദേവനുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു മാസമാണ് ജനുവരി. പ്രത്യേകത എന്തെന്നോ? പ്രസ്തുത ദേവന് തലകൾ രണ്ടാണ്. ഒന്നു മുന്നിലേക്കും മറ്റേത് പിന്നിലേക്കും സദാ തിരിഞ്ഞിരിക്കും. മുമ്പിലേക്കും പിന്നിലേക്കും നോക്കി യാത്രകൾ നടത്തുന്ന ദേവൻ. പുതുവർഷത്തിൽ ജനുവരി ഒരോർമയാകുന്നതും ഇത് തന്നെയാണ്. പിന്നിട്ട വഴിത്താരകളിലേക്ക് നോക്കി അനുഭവങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ അറിവുകൾ സ്വന്തമാക്കി. എത്തിപ്പിടിക്കേ സ്വപ്നങ്ങളും ദർശനങ്ങളും ലക്ഷ്യംവച്ച് മുന്നോട്ടുള്ള യാത്രയ്ക്ക് ആക്കം കൂട്ടുന്ന ദിനങ്ങൾ.

എല്ലാം വീണ്ടും ആരംഭിക്കാൻ ഒരു അവസരംകൂടെ കിട്ടുന്നു എന്നതാണ് പുതുവർഷങ്ങളിലെ സുവിശേഷം. സുവിശേഷത്തിൽ ക്രിസ്തു പരിചയപ്പെടുത്തുന്ന ഒരു മരം (ലൂക്കാ 13:6-9) മുന്തിരിത്തോട്ടത്തിൽ നട്ട അത്തിമരം. അത്രയ്ക്ക് പരിപാലനവും കരുതലും സ്വീകരിച്ചു. പക്ഷേ തിരിച്ചു ഫലം നൽകാൻ മടി. അപ്പോൾ എന്തിനു നിലം പാഴാക്കണം എന്നോർത്ത് വെട്ടിമുറിക്കാൻ ആജ്ഞ. എന്നാൽ ക്രിസ്തുവിന്റെ കരുണയുടെ മുഖം തെളിയുന്നുണ്ടിവിടെ  ഒരു വർഷം കൂടെ നിൽക്കട്ടെ. ചുവടുകിളച്ച് വളമിടാം. മേലിൽ ഫലം തന്നേക്കും.

പ്രിയപ്പെട്ടവരേ ഇവിടെ ചില മാറ്റങ്ങൾ ആവശ്യപ്പെടുന്നു. ഒരുവർഷം കൂടെ എന്നതിന് ഇനിയങ്ങോട്ടുള്ള നാളുകൾ എന്നർത്ഥം നൽകുന്നതാണ് കൂടുതൽ ഉചിതം. എന്റെ മനോഭാവങ്ങളാകുന്ന ചുവടുകൾ കിളച്ചുമറിക്കേണ്ടിയിരിക്കുന്നു. ബന്ധങ്ങൾക്കും വീക്ഷണങ്ങൾക്കും മൂല്യങ്ങളാകുന്ന വളം നൽകേണ്ടിയിരിക്കുന്നു  ഫലത്തിനായുള്ള ചില നൊമ്പരങ്ങൾ. യഥാർത്ഥത്തിൽ സ്വീകരിച്ചതിന്റെ കൃതജ്ഞതയാണ് ഫലം. കൊടുത്തേ പറ്റൂ, കാരണം സ്വീകരിച്ചത് അത്രമാത്രമാണ്. മാത്രമല്ല ആരുടെയൊക്കെയോ സ്വപ്നങ്ങൾ കൂടിയാണവ. ഈ സ്വപ്നങ്ങളൊക്കെയും സാക്ഷാൽക്കരിക്കപ്പേടേണ്ടതല്ലേ?

സ്വപ്നങ്ങളുടെ വഴിത്താരകൾ ഊടുവഴികളും ഇടവഴികളും പോലെയാണ്, വിശാലമായ നാഷണൽ ഹൈവേ പോലെയല്ല എന്നത് ഒരു യാഥാർത്ഥ്യം. ഇവിടെയാണ് പ്രത്യാശയും പ്രതീക്ഷകളും ജന്മംകൊള്ളേണ്ടത്. കാരണം ജീവിതത്തെ വ്യത്യസ്തമാക്കുന്നതും മുന്നോട്ടുനയിക്കുന്നതും ഈ പ്രതീക്ഷകളും പ്രത്യാശയുമാണ്. 2025 ൽ പ്രത്യാശയുടെ ജൂബിലി വർഷത്തിൽ പ്രത്യാശയുടെ തീർത്ഥാടകരായി ജീവിക്കാൻ സഭ നമുക്ക്

അവസരം തുറന്നിരിക്കുകയാണ്. ക്രിസ്തുവിന്റെ കരങ്ങൾ പിടിച്ച് ജീവിതമാകുന്ന വലിയ പ്രത്യാശയുടെ കവാടം നമുക്കും തുറക്കാം.

ഈ പുത്തൻ വർഷത്തിൽ പിന്നിലേക്ക് മാത്രം നോക്കി നഷ്ട ധൈര്യരാകാതെ, മുമ്പോട്ടുമാത്രം നോക്കി എടുത്തു ചാട്ടക്കാരാകാതെ, അനുഭവത്തിൽ വിരിഞ്ഞ അറിവുകളും ഒപ്പം പുതുപുത്തൻ സ്വപ്നങ്ങളും ദർശനങ്ങളും കോർത്തിണക്കി ജീവിതത്തെ നിറയ്ക്കാം. സ്വപ്നങ്ങളുടെ രാജാവായ ക്രിസ്തുവിന്റെ കാവലോടെ ഈ സ്വപ്നങ്ങൾക്കും ദർശനങ്ങൾക്കും ചിറകുകൾ മുളയ്ക്കട്ടെ.

**ഫാ . അനുരാജ് ആർ. എൽ.**
**സഹവികാരി**



# സെന്റ് സേവ്യേഴ്സ് ഇടവക

## പരസ്പര നിക്ഷേപ സഹായ നിധി

## 1. 4000 x 25 = 1,00,000/-
## 2. 2000 x 25 = 50,000/-

* MDS പരസ്പര നിക്ഷേപ സഹായനിധി ഭംഗിയായി നടന്നു വരുന്നു.

* ഓരോ 5 മാസവും നിക്ഷേപത്തുകയിൽ വർദ്ധനവ്.
അവസാന 5 മാസവും മുഴുവൻ തുകയും സമ്മാനമായി നൽകുന്നു.

* 25 തവണകൾക്ക് പുറമെ അധികം തുക അടയ്ക്കേണ്ടതില്ല.

* ജാമ്യത്തിന്റെ നൂലാമാലകൾ ഇല്ല.

വിശദവിവരങ്ങൾക്ക്
സമീപിക്കുക
അനിൽകുമാർ ആർ
ബി.സി.സി. കോ-ഓർഡിനേറ്റർ

# ക്രിസ് വോയ്സ്

## തിരുപുറം ഇടവക ബുള്ളറ്റിൻ

## പരസ്യ നിരക്ക്

- സ്ഥാപനങ്ങളുടെ പരസ്യം
- ഗൃഹപ്രവേശം
- വിവാഹ വാർഷികം
- ചരമ വാർഷികം
- വിവാഹ അറിയിപ്പ്
- ജന്മദിനം

തുടങ്ങിയ പരസ്യങ്ങൾ താഴെ പറയുന്ന നിരക്കിൽ പ്രസിദ്ധീകരിക്കുന്നതാണ്

| | |
|---|---|
| Back cover | 3000/- |
| Back inner / Front inner | 2000/- |
| Colour (full page) | 1000/- |
| Colour (half page) | 600/- |
| Black and white (full page) | 750/- |
| Black and white (half page) | 400/- |



**തിരുപുറം വിശുദ്ധ ഫ്രാൻസിസ് സേവ്യർ ഇടവക തിരുനാൾ  സമാപന ദിനത്തിൽ മോൺ. ജി. ക്രിസ്തുദാസ് അച്ചൻ ഇടവക ജനങ്ങൾക്കായി ബലിയർപ്പിച്ചപ്പോൾ**

# 2024 നവംബർ മാസം വരിതന്നവരുടെ പേരുവിവരം

| | | |
|---|---|---|
| 1 | അശോക് കുമാർ, പട്ട്യയക്കാല | 3600 |
| 2 | സുരേഷ്, പട്ട്യക്കാല | 600 |
| 3 | പീറ്റർ, കാരക്കാവിള | 1000 |
| 4 | പരമേശ്വരൻ, മലഞ്ചെരിക് | 3600 |
| 5 | ഗ്രിഗറി, പഴയകട | 800 |
| 6 | ശ്രീകുമാർ താഴയ്ക്കാമണ്ണടി | 300 |
| 7 | അനിൽ കുമാർ എസ്. എൽ., താഴയ്ക്കാമണ്ണടി | 100 |
| 8 | അനീഷ് കുമാർ എസ്. എൽ., താഴയ്ക്കാമണ്ണടി | 100 |
| 9 | രാജേഷ് കുമാർ, മണലിക്കടവ് | 200 |
| 10 | കെ. ആർ. മണി, പള്ളിമന | 2400 |
| 11 | ജസ്റ്റിൻ എഫ്. പട്ട്യക്കാല | 1000 |
| 12 | അനുരാജ് എസ്. എൽ., മണ്ണക്കല്ല് | 250 |
| 13 | ഷിബു, പ്ലാന്തോട്ടം | 900 |

| | | |
|---|---|---|
| 14 | വിൻസെന്റ്, മണലിക്കടവ് | 150 |
| 15 | മധു, പുയ്ന്നക്കാവിള | 300 |
| 16 | വിജയകുമാർ, പുന്നയ്ക്കാവിള | 1000 |
| 17 | ബാബു രാജൻ, കുളങ്ങരവിള | 500 |
| 18 | ചെല്ലയ്യൻ, താഴയ്ക്കാമണ്ണടി | 700 |
| 19 | വർഗ്ഗീസ്, വലിയവിള | 600 |
| 20 | കൃഷ്ണൻ നാടാർ, മണലിക്കടവ് | 370 |
| 21 | രാമചന്ദ്രൻ, പണ്ടാരത്തോട്ടം | 800 |
| 22 | ബിനുകുമാർ, കുളങ്ങരവിള | 500 |
| 23 | രാഘേഷ് വി. മണി, പള്ളിമന | 6000 |
| 24 | സുജിത് ജി., കുളങ്ങരവിള | 50 |
| 25 | തങ്കപ്പൻ, പുത്തൻകട | 1200 |
| 26 | സ്റ്റീഫൻ, പുത്തൻകട | 2000 |
| 27 | മേരിസരോജം, മലഞ്ചരിക് | 600 |
| 28 | അനിൽ, മലഞ്ചരിക് | 700 |
| 29 | സത്യൻ, മുടന്താന്നി | 250 |
| 30 | ഷിജിത്ത്, മണ്ണക്കല്ല് | 10800 |
| 31 | അനിൽകുമാർ എ.എൽ., തഴയ്ക്കാമണ്ണടി | 550 |
| 32 | ജോൺറോസ്, മണ്ണക്കൽ | 1300 |
| 33 | ബൻസിഗർ എസ്.എ., പള്ളിമന | 1200 |
| 34 | ജോർജ്, മണ്ണക്കൽ | 1200 |
| 35 | പത്രോസ്, പുത്തൻകട | 500 |
| 36 | സരസൻ, കുളങ്ങരവിള | 1000 |
| 37 | സിബി ടി.എസ്., കുളങ്ങരവിള | 1050 |
| 38 | അഖിൽകുമാർ.ടി, മുടന്താന്നി | 50 |
| 39 | ലിബിൻ സി.എസ്., പഴയകട | 2400 |
| 40 | സലിം വി.എസ്., പുത്തൻകട | 2000 |
| 41 | ബർണാഡ്, പട്ട്യക്കാല | 500 |
| 42 | ആദർശ് സി.പി., തഴയ്ക്കാമണ്ണടി | 600 |
| 43 | സന്തോഷ്കുമാർ, കരയ്ക്കാവിള | 800 |
| 44 | രാജമണി, വലിയവിള | 600 |
| 45 | അർജുനൻ, പഴയകട | 2400 |
| 46 | സദാനന്ദൻ, മുടന്താന്നി | 200 |
| 47 | ലാൽ എൽ.എം., വലിയവിള | 3400 |
| 48 | ശശി, വലിയവിള | 600 |
| 49 | രത്നരാജ്, ചില്ലിൻവിള | 4800 |
| 50 | രാജൻ, പഴയകട | 1200 |
| 51 | കമലം, മലഞ്ചരിക് | 475 |
| | | 68195 |

# പുതുവർഷം (കവിത)






കവിത രഘു
പുന്നയ്ക്കാവിള

വീണ്ടുമൊരു പുതുവർഷമാഗതമായി
പുതുമകളായിരമായിരമായി
മണ്ണിൻതണുപ്പ് വകഞ്ഞു മാറ്റി
പുലരൊളി പുഞ്ചിരി തൂകിടുന്നു
പഴമയാം വർഷമതു മാഞ്ഞുപോയി
വാർമഴവില്ലു തെളിഞ്ഞു വന്നു
കർത്താവേ കാരുണാ വാരിധിയേ
പുതുവർഷഗീതമായ് വന്നിടണേ
വേദന തിങ്ങിയ പോയ വർഷം
നൻമതൻ നനവായ പുതുവർഷവും
കാണാനനുഗ്രഹമേകിയോനേ
നമിക്കുന്നു നിന്നെ സ്തുതിച്ചിടുന്നു
പുതുമകൾ വന്നു നിറഞ്ഞിടുമ്പോൾ
നിന്നനുഗ്രഹമെന്നെന്നുമേകിടണേ
പരീക്ഷകൾ പരീക്ഷണ കാലങ്ങളെ
നേരിടുവാൻ കൃപയേകിടണേ
മെഴുകുതിരിനാളമായെരിഞ്ഞിടുമ്പോൾ
നിന്നകതാരിലെന്നെ നീ ഓർത്തിടണേ
ജീവിത യാത്ര തന്നന്ത്യത്തിലായ്
നിൻ തിരുമാറിലായെന്നെ ചേർത്തിടണേ
തിരുമാറിലായെന്നെ ചേർത്തിടണേ

# ജനുവരി മാസത്തെ
# ബി.സി.സി. കുടുംബയോഗങ്ങൾ

| NO | യൂണിറ്റ് | ദിവസം | സമയം | ഭവനം |
|---|---|---|---|---|
| 1 | താഴയ്ക്കാമണ്ണടി | 11/01/2025<br>22/01/2025 | 6:00PM<br>6:00PM | സോമൻ<br>അമ്പിളി |
| 2 | ചില്ലിൻവിള | 11/01/2025<br>26/01/2025 | 6:30PM<br>6:30PM | മധു<br>രത്നരാജ് |
| 3 | വലിയവിള | 05/01/2025 | 6:30PM | സജി |
| 4 | പ്ലാന്തോട്ടം | 22/01/2025<br>26/01/2025 | 6:30PM<br>6:30PM | ഗോപി<br>യേശുദാസ് |
| 5 | മോന്തിവിള | 12/01/2025<br>26/01/2025 | 6:00PM<br>6:00PM | രവീന്ദ്രൻ റ്റി.<br>റസലയ്യൻ |
| 6 | കാരയ്ക്കാവിള | 12/01/2025 | 5:30PM | പ്രവീൺ |
| 7 | പണ്ടാരത്തോട്ടം | 11/1/2025<br>26/1/2025 | 6:30PM<br>6:30PM | ജനാർദനൻ<br>വിൻസെന്റ് |
| 8 | മണ്ണക്കല്ല് | 12/01/2025 | 5:30PM | ജോൺസൺ പുളിയാറ |
| 9 | പുത്തൻകട | 12/01/2025<br>26/01/2025 | 7:00PM<br>7:00PM | ഷൈജുകുമാർ വി.എഫ്.<br>അനിൽകുമാർ വി.എഫ്. |
| 10 | മുടന്താന്നി | 11/01/2025<br>25/01/2025 | 5:30PM<br>5:30PM | സെൽവൻ<br>മണിയൻ |

| NO | യൂണിറ്റ് | ദിവസം | സമയം | ഭവനം |
|---|---|---|---|---|
| 11 | മണലിക്കടവ് | 11/01/2025<br>27/01/2025 | 6:00PM<br>6:00PM | ശ്രീധരൻ<br>വിജിൽകുമാർ |
| 12 | മലഞ്ചരിക് | 12/01/2025 | 6:30PM | പ്രദീപ് |
| 13 | പഴയകട | 12/01/2025<br>25/01/2025 | 6:30PM<br>6:30PM | രാജൻ<br>ജോണി |
| 14 | പട്ട്യക്കാല | 12/01/2025<br>26/01/2025 | 6:30PM<br>6:30PM | അർജുനൻ<br>അശോകൻ |
| 15 | പള്ളിമന | 11/01/2025<br>26/01/2025 | 6:00PM<br>6:00PM | മധു<br>നൃപൻ |
| 16 | കുളങ്ങരവിള | 12/01/2025<br>26/01/2025 | 5:30PM<br>5:30PM | സുജിത്<br>രാജു |
| 17 | കടവിള | 12/01/2025 | 6:30PM | രവീന്ദ്രൻ |
| 18 | പുന്നയ്ക്കാവിള | 26/01/2025 | 5:30PM | ബിജു |




# അപരൻ



തിങ്ങി കൂടിയിരുന്ന ആൾക്കൂട്ടത്തിനിടയിൽ അവന്റെ കണ്ണുകൾ എന്തോ ഒന്നിനെ ഗൗരവമായി തിരയുന്നുണ്ടായിരുന്നു. ആരാണിവർ? എന്തിനാണിവരെല്ലാം ഇവിടെ കൂടിയിരിക്കുന്നത്? കൂടിനിന്നവരിൽ ചിലർ അടക്കത്തെപ്പറ്റിയും പറയുന്നത് കേട്ട് അവന്റെ ഹൃദയം ചെറുതായി ഒന്ന് നടുങ്ങി. വീടിനോട് അടുക്കുംതോറും വലിയ ഒച്ചപാടും കരച്ചിലും ഏങ്ങലുമെല്ലാം കേൾക്കുന്നുണ്ടായിരുന്നു.

ചെറിയൊരു വിറയലോടെ അവൻ വീട്ടിനുള്ളിലേക്കു കയറി. പെട്ടെന്ന് അവൻ വിറങ്ങലിച്ചുപോയി. ശരീരമാസകലം മരവിച്ചതായി അവനു തോന്നി. ചുറ്റുമുള്ളവർക്ക് കേൾക്കാൻ തക്കവണ്ണം ഹൃദയം സ്പന്ദിക്കാനാരംഭിച്ചു. അവന് അനങ്ങാനാവാത്ത വണ്ണം എന്തോ ഒന്ന് അവനെ വരിഞ്ഞുമുറുക്കുന്നതു പോലെ അവൻ നിശ്ചലനായി നിന്നു. ചുറ്റും കൂടിയിരുന്നവർ അവനെ തന്നെ സൂക്ഷിച്ചു നോക്കിത്തുടങ്ങി. നിശ്ചലമായ അവന്റെ ശരീരത്തെ ചലനാത്മകമാക്കി കൊണ്ട് അവന്റെ കണ്ണുകളിൽ നിന്ന് രണ്ട് കണ്ണുനീർ കണങ്ങൾ മെല്ലെ മെല്ലെ താഴേക്ക് ഊർന്നിറങ്ങാൻ തുടങ്ങി. പിന്നെ പതിയെ അതൊരു അരുവി കണക്ക് പൊട്ടി ഒഴുകാൻ തുടങ്ങി. അൽപ്പനിമിഷങ്ങൾ കഴിഞ്ഞപ്പോൾ കൂടി നിന്നവരിൽ കുറച്ചുപേർ അവന്റെ മുൻപിൽ നിന്ന് അവന്റെ സുഹൃത്തിന്റെ ശരീരം എടുത്തുയർത്തി സംസ്കാരത്തിനായി നീങ്ങിത്തുടങ്ങി. പക്ഷേ എന്നിട്ടും അവന് അവിടെ നിന്ന് അനങ്ങാൻ പോലും കഴിഞ്ഞില്ല. അധികനേരം കഴിയും മുമ്പ് അവന്റെ മാതാപിതാക്കൾ വന്ന് അവനെ വീട്ടിലേക്ക് കൊണ്ടുപോയി. യാതൊന്നും പറഞ്ഞ് സാന്ത്വനിപ്പിക്കാൻ അവർക്ക് കഴിഞ്ഞില്ല. വീടിന്റെ ടെറസ്സിൽ ദൂരെ ആകാശത്തെ നക്ഷത്രങ്ങളെയും നോക്കി അവൻ വാവിട്ടു കരഞ്ഞു. അടുത്ത ദിവസം പകലായപ്പോൾ ആരോടും ഒന്നും പറയാതെ അവൻ വീട്ടിൽ നിന്ന് ഇറങ്ങി കൂട്ടുകാരന്റെ കല്ലറയുടെ അരികിൽ പോയി. ചെറുതേങ്ങലോടെ ചോദിച്ചു എന്നെ കൊണ്ടുപോകാതെ ഒറ്റയ്ക്ക് പോയി അല്ലേ ?

ഇംഗ്ലീഷിൽ Friend എന്നെഴുതുമ്പോൾ അതിലെ ഓരോ അക്ഷരത്തെയും എടുത്ത് നിർമ്മിക്കാവുന്ന ഒരു നിർവചനമുണ്ട് : Few Relations In Earth Never Die. ഈ വാചകത്തിന്റെ മനോഹാരിത വളരെ വലുതാണെന്ന് ചുരുക്കം ചിലരേ അറിയാതെ വരൂ . കുടുംബ ബന്ധത്തിന് പുറമേ ഒരു വ്യക്തിയെ അതികഠിനമായി സ്വാധീനിക്കുന്ന മറ്റൊരു ബന്ധം ഈ ലോകത്തിൽ ഉണ്ടെങ്കിൽ അത് യഥാർത്ഥ സുഹൃത് ബന്ധമാണ്. കാരണം ഒരു മനുഷ്യന്റെ ബാല്യത്തിലും, യൗവനത്തിലും, കൗമാരത്തിലും, ഒടുവിൽ വാർദ്ധക്യത്തിൽ പോലും സൗഹൃദത്തിന്റെ പൊൻകിരണങ്ങൾ വീശുന്നുണ്ടാവും. ഐക്യം കടന്നുവരുന്ന ഏതൊരു മനുഷ്യ സംഗമത്തെയും ഒരു കൂട്ടുകെട്ടിന്റെ കുടക്കീഴിൽ കണക്കാക്കാൻ സാധിക്കും.കാരണം കൂട്ടുകൂടുക,ബന്ധങ്ങൾ

സ്ഥാപിക്കുക എന്നത് മനുഷ്യ പ്രകൃതിയാണ്. അവൻ നിരന്തരം കൂട്ടുകൾ അന്വേഷിച്ചുകൊണ്ടേയിരിക്കും. ഈ മനുഷ്യപ്രകൃതിയാണ് സമൂഹത്തിന്റെ അടിസ്ഥാനവും. അതായത് നമുക്ക് വേണമെങ്കിൽ സൗഹൃദത്തെ സമൂഹ ത്തിന്റെ അടിസ്ഥാനമായി കരുതാം.

പല വ്യക്തികളുടെയും ജീവിതത്തിന് പ്രകാശം പകരുന്ന ഒന്നായി സൗഹൃദത്തെ കാണാൻ സാധിക്കും. സുഹൃത്തുക്കളുടെ പ്രോത്സാഹനവും പിന്തുണയും കൊണ്ട് പല മേഖലകളിലേക്ക് ചേക്കേറുന്നവരും ആ മേഖല യിൽ വിജയിക്കുന്നവരും ഉണ്ട്. ഒരുപക്ഷേ അത്തരമൊരു ചിന്തയുടെ പകർ പ്പാണ് 'കഥ പറയുമ്പോൾ ' എന്ന മലയാള സിനിമയിൽ നമുക്ക് കാണാനാ വുക. അതിലെ കേന്ദ്ര കഥാപാത്രമായ ബാലൻ, തന്റെ ആത്മ സുഹൃത്തായ അശോകന്റെ വളർച്ചയ്ക്ക് വേണ്ടി പലതും ത്യജിക്കുന്നുണ്ട്. മാതാപിതാക്ക ൾ പോലും അറിയാതെ പല സഹായങ്ങളും നൽകുന്നുണ്ട്. ഒടുവിൽ അവ ന്റെ വളർച്ച കണ്ട്, അതിൽ തനിക്കുള്ള പങ്കിൽ അഹങ്കരിക്കാതെ മാറി നിന്ന് സന്തോഷിക്കുന്നുണ്ട്. ഇതാണ് യഥാർത്ഥ സൗഹൃദത്തിന്റെ രൂപം.





**കോഴിക്കോട് രൂപത മെത്രാനും കെ.ആർ.എൽ.സി.സി. പ്രസിഡന്റുമായ അഭിവന്ദ്യ വർഗ്ഗീസ് ചക്കാലയ്ക്കൽ പിതാവ് തിരുപുറം ഇടവകയും കോൺവെന്റും 9/1/2025ന് സന്ദർശിച്ചു. തദവസരത്തിൽ ഇടവക വികാരി മോൺ. ഡി. സെൽവരാജനും, സിസ്റ്റർ ലൗലിയും, ലേ അസോസിയേറ്റ്സ് അംഗങ്ങളും ചേർന്ന് പിതാവിനെ സ്വീകരിച്ചപ്പോൾ**



**10 കൽപ്പനകളും ഏഴു കൂദാശകളും എന്ന വിഷയത്തെ ആസ്പദമാക്കി തിരുപുറം വിശുദ്ധ ഫ്രാൻസിസ് സേവ്യർ ദൈവാലയ മതബോധന യൂണിറ്റ് സംഘടിപ്പിച്ച** MYSTERIUM **(മിസ്തേരിയും) എക്സിബിഷൻ ഇടവക വികാരി ഉദ്ഘാടനം ചെയ്തപ്പോൾ**



**10 കൽപ്പനകളും ഏഴു കൂദാശകളും എന്ന വിഷയത്തെ ആസ്പദമാക്കി തിരുപുറം വിശുദ്ധ ഫ്രാൻസിസ് സേവ്യർ ദൈവാലയ മതബോധന യൂണിറ്റ് സംഘടിപ്പിച്ച** MYSTERIUM **(മിസ്തേരിയും) എക്സിബിഷനിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വി. പൗലോസ് ഗ്രൂപ്പ് അംഗങ്ങൾ**

# പ്രത്യാശയുടെ പുത്തനാണ്ട്

രജനി എസ്. റ്റി.
കാരക്കാവിള

ജീവിതത്തിലെ ഒരു വർഷം കൂടി കടന്നുപോയി. പുത്തൻ പ്രതീക്ഷകളും പുതിയ തീരുമാനങ്ങളുമായി ഒരു പുതുവർഷം കൂടി കടന്നു വന്നിരിക്കുന്നു. ഒരു പുത്തൻ ആണ്ട് കൂടി നമ്മുടെ ജീവിതത്തിലേക്ക് കൂട്ടിച്ചേർത്ത ദൈവം നമ്മിൽ നിന്നും എന്തൊക്കെയോ ഏറെ പ്രതീക്ഷിക്കുന്നുണ്ട്. ഈ വർഷം ജീവിതത്തെ എങ്ങനെ മെച്ചപ്പെടുത്തണം, എന്തൊക്കെ ഭൗതിക നേട്ടങ്ങൾ കൈവരിക്കണം എന്നെല്ലാം നമ്മൾ തീരുമാനിച്ചിട്ടുണ്ടാവും. അപ്പോഴും കർത്താവിന് നമ്മെ കുറിച്ചുള്ള പദ്ധതി എന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ? കർത്താവ് നമ്മെ സൃഷ്ടിച്ചിരിക്കുന്നത് അവിടുത്തെ ആഗ്രഹപ്രകാരം ജീവിച്ചുകൊണ്ട് അവിടുത്തെ മഹത്വപ്പെടുത്താനാണ്. കമ്പ്യൂട്ടറും ഇന്റർനെറ്റും സുഖലോലുപതയും അരങ്ങുവാഴുന്ന ഈ കാലഘട്ടത്തിൽ ചുറ്റുമുള്ളവരിലേക്ക് നോക്കിക്കൊണ്ട് അവരിൽ ഒരാളായി മാറാൻ വെമ്പൽ കൊള്ളുന്ന മനസ്സാണ് നമ്മുടേത് അതിനിടയിൽ കർത്താവിനെ കുറിച്ചോ അവിടത്തേക്ക് നമ്മളെ കുറിച്ചുള്ള പദ്ധതികളെ കുറിച്ചോ ചിന്തിക്കാൻ പോലും നാം മറന്നുപോകുന്നു നമ്മെ വ്യക്തിപരമായി അറിയുന്ന കർത്താവിന് നാം ഓരോരുത്തരെക്കുറിച്ചും വ്യത്യസ്തമായ പദ്ധതികൾ ഉണ്ട്. നമുക്ക് എല്ലായ്പ്പോഴും നന്മ കൈ വരുത്തുന്ന പദ്ധതിയാണത് (ജെറമിയ 29:10) ആ പദ്ധതികൾ പൂർത്തീകരിക്കാനായി വിളിക്കപ്പെട്ടിരിക്കുന്നവരാണ് നാം.

വിശുദ്ധ ഫ്രാൻസിസ് സാലെസ് പറയുന്നു ‘എന്റെ ഭൂതകാലം എനിക്ക് വിഷയമല്ല; അത് ദൈവത്തിന്റെ കാരുണ്യത്തിന്റേതാണ്. എന്റെ ഭാവികാലവും വിഷയമല്ല; അത് ദൈവപരിപാലനയുടെതാണ്. എന്നാൽ വർത്തമാനകാലം എനിക്ക് വെല്ലുവിളി. അത് ഓരോ പുത്തനാണ്ടും നമുക്കൊരു വെല്ലുവിളിയാണ്. നാളെ നമുക്ക് എന്തെങ്കിലും ചെയ്യാനാകും എന്ന് ഉറപ്പില്ല. അതിനാൽ ഇന്ന് നന്നായി ജീവിക്കുകയാണ് വേണ്ടത്. ഇന്നലെകളുടെ കുറവുകളെ കണ്ടെത്തി തിരുത്തി ഇന്നിനെ പ്രകാശപൂർണ്ണമാക്കണം. സ്വന്തം ശക്തിയാൽ അല്ല കർത്താവിന്റെ സഹായത്താൽ. നമ്മുടെ ഇന്നലെകളിലേക്ക് നോക്കി നമ്മെ കുറ്റപ്പെടുത്തുന്നവനല്ല നമ്മുടെ ദൈവം. പുതിയ സാധ്യതകൾ നൽകിക്കൊണ്ട് നല്ല ഫലം പുറപ്പെടുവിക്കുവാൻ അവിടുന്ന് വീണ്ടും നമുക്ക് അവസരം നൽകിയിരിക്കുന്നു.

അത്തിമരം നട്ടു വളർത്തിയ ഉടമസ്ഥൻ ഫലം തേടി എത്തിയപ്പോൾ അതിൽ നിന്നും ഒന്നും കണ്ടെത്താനായില്ല. മരം വെട്ടി കളയാനായിരുന്നു കൽപ്പന. അപ്പോഴായിരുന്നു വേലക്കാരൻ ഇടപെട്ടത് ' യജമാനനെ ഈ വർഷം കൂടെ അത് നിൽക്കട്ടെ ഞാൻ അതിന്റെ ചുവടു കിളച്ചു വളമിടാം മേലിൽ അത് ഫലം നൽകിയേക്കാം ഇല്ലെങ്കിൽ നീ അതു വെട്ടിക്കളഞ്ഞുകൊള്ളുക' (ലൂക്കാ 13:8,9) സുവിശേഷത്തിലെ വേലക്കാരന്റെ മാധ്യസ്ഥം കൊണ്ടാണ് ദൈവം ഒരു പുത്തനാണ്ടുകൂടി നമ്മുടെ ജീവിതത്തിൽ കൂട്ടിച്ചേർത്തിരിക്കുന്നത്. ഭോഷനായ ധനികനെ പോലെ തിന്നു കുടിച്ച് ആനന്ദിക്കുന്നവർ ആകാതെ യജമാനൻ വരുമ്പോൾ തന്റെ കർത്തവ്യങ്ങൾ കൃത്യമായി നിറവേറ്റുന്ന വിശ്വസ്ത ദാസനെ പോലെ കാണപ്പെടാനാണ് കർത്താവ് നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. നമ്മുടെ ഉത്തരവാദിത്തങ്ങൾ ഏറെ വിശ്വസ്തതയോടെ ചെയ്യാൻ നമ്മുടെ കർത്താവും രക്ഷകനുമായ അവിടുന്ന് നമുക്ക് ശക്തിയും ധൈര്യവും പകർന്നു നൽകും. വിശുദ്ധ പൗലോസ് അപ്പസ്തോലൻ ഫിലിപ്പിയർക്കുള്ള ലേഖനത്തിൽ പറഞ്ഞ വാക്കുകൾ നമുക്ക് ഓർമ്മിക്കാം. ' എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും ' (ഫിലിപ്പി 4:13). ഈ വർഷം പൂർത്തിയാക്കണമെന്നുള്ള ആഗ്രഹങ്ങൾ തീരുമാനങ്ങൾ ഇവയെല്ലാം ഈശോയെ ഭരമേൽപ്പിക്കാം. നമ്മെ ശക്തിപ്പെടുത്തുന്നവൻ വിജയത്തിന്റെ പൊൻ പ്രഭാതത്തിലേക്ക് നമ്മെ നയിക്കും. ' ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല' എന്ന് പറഞ്ഞ കർത്താവ് എപ്പോഴും ഏത് സാഹചര്യത്തിലും നമ്മോട് കൂടെയുണ്ട് എന്നത് മറക്കാതിരിക്കാം. അവിടത്തെ കൈപിടിച്ച് അവിടുന്ന് നൽകുന്ന ശക്തി സ്വീകരിച്ച് പുതുവർഷത്തിലേക്ക് കടക്കാം നമുക്ക് അതേ... ഈശോയെ സേവിക്കാൻ ഒരു വർഷം കൂടി, ഈ അവസരം നമുക്ക് നന്നായി പ്രയോജനപ്പെടുത്താം.



**നെയ്യാറ്റിൻകര രൂപത വികാരി ജനറൽ**
**റൈറ്റ് റവ. മോൺ. ജി. ക്രിസ്തുദാസ് അച്ചന് 75-ാം**
**ജന്മദിനാശംസകൾ**

**13/01/2025**





**തിരുപുറം ഇടവകയിലെ ക്രിസ്തുമസ് പാതിരാ കുർബാനയ്ക്ക് റവ.ഫാ. സാബു OCD മുഖ്യ കാർമികത്വം വഹിക്കുന്നു. സമീപം ഇടവക വികാരി വെരി റവ. മോൺ. ഡി. സെൽവരാജൻ**



# ലോഗോസ് ക്വിസ്സ് 2025

ടെസ്റ്റ് പേപ്പർ : 2

## വ്യവസ്ഥകൾ

1) ഫെബ്രുവരി 2 ഞായറാഴ്ച വൈകുന്നേരം 6:00 PMന് മുമ്പായി പാരിഷ്ഹാളിന്റെ ലെറ്റർ ബോക്സിൽ നിക്ഷേപിക്കുകയോ ഇടവകവികാരിയെ ഏൽപ്പിക്കുകയോ ചെയ്യുക

2) ഒന്ന്,രണ്ട് സ്ഥാനക്കാർക്ക്) സമ്മാനങ്ങൾ നൽകുന്നു (ഒന്നിലധികം പേർ ഒരേ മാർക്കിൽ വന്നാൽ നറുക്കെടുപ്പിലൂടെ വിജയികളെ പ്രഖ്യാപിക്കുന്നതാണ്)

3) ഒരു ഭവനത്തിൽ നിന്ന് ഒരാൾ മാത്രമേ മത്സരിക്കാവു

## പ്രഭാഷകൻ അധ്യായം 41 മുതൽ 50 വരെ

1. ജറുസലെമിലെ ഏലെയാസറിന്റെ മകൻ സീറാക്കിന്റെ പുത്രനാര്?
2. ആരുടെ അസ്ഥികളാണ് സൂക്ഷിക്കപ്പെടുന്നത്?.
3. ദൈവത്തിനു പ്രീതികരമായതു പ്രവർത്തിച്ചതാര്?
4. രാജ്യം വിഭജിക്കപ്പെട്ടത് ആരുടെ കാലത്താണ്?
5. ഇസ്രായേലിലെ 6 ലക്ഷം യോദ്ധാക്കളിൽ അവശേഷിച്ച രണ്ടുപേർ ?
6. ആർക്കാണ് ദേശത്ത് യാതൊരു അവകാശവും ഓഹരിയും ഉണ്ടായിരികുകയില്ല എന്നു പറഞ്ഞിരിക്കുന്നത്?
7. പരീക്ഷിക്കപ്പെടുമ്പോൾ വിശ്വസ്തത തെളിയിച്ചതാര് ?
8. നക്ഷത്രങ്ങളുടെ ശോഭ എന്തിന്റെ സൗന്ദര്യമാകുന്നു ?
9. ________സ്വർഗ്ഗീയ ഔന്നത്യത്തിന്റെ അഭിമാനമാണ് ?
10. ദുഷ്ടനായ ദാസന് എന്താണ് കൊടുക്കേണ്ടത് ?
11. ശാപത്തിൽ നിന്നും നാശത്തിലേയ്ക്കു പോകുന്നതാര്?
12. ദേവാലയത്തെ സംരക്ഷിക്കുന്ന ഉയർന്ന ഇരട്ടമതിലിന് അടിസ്ഥാനമിട്ടതാര്?
13. കെരൂബുകളുടെ രഥത്തിനു മുകളിൽ ദൈവം വെളിപ്പെടുത്തിയ മഹത്വം ദർശിച്ചതാര് ?
14. കർത്താവിന്റെ വാക്കുകൊണ്ട് ആകാശവാതിലുകൾ അടച്ചു എന്നു പറയുന്നത് ആരെക്കുറിച്ചാണ് ?
15. ആരുടെ അധികാരമാണ് കർത്താവ് എന്നേക്കുമായി ഉറപ്പിച്ചത്?
16. സൂര്യനെ കരം കൊണ്ടു തടഞ്ഞു നിർത്തിയതാര് ?
17. കർത്താവ് മഹത്വത്തിൽ ദൈവദൂതൻമാർക്കു സമനാക്കിയതാരെ ?
18. തികഞ്ഞ നീതിമാൻ എന്നു വിശേഷിപ്പിക്കുന്നതാരെ?
19. എന്തിനാലാണ് എല്ലാം നിശ്ചിതമാർഗത്തിൽ ചരിക്കുന്നത്?
20. അത്യുന്നതന്റെ സൃഷ്ടി എത്ര വിസ്മയാവഹമാണെന്ന് പ്രഘോഷിക്കുന്നതെന്ത്?
21. ________എല്ലാ സൃഷ്ടികളിലും നിറഞ്ഞിരിക്കുന്നു.
22. ഭക്ഷണാവസരങ്ങളിൽ________കാണിക്കുന്നതിൽ ലജ്ജിക്കുക.

23. പ്രധാന പുരോഹിതനായ ശിമയോന്റെ പിതാവാര് ?
24. വലത്തു കൈയിലെ മുദ്രമോതിരം പോലെ എന്നു പറയുന്നതാരെയാണ് ?
25. ഉന്നതനും വിശ്വാസ്യമായദർശനത്തോടു കൂടിയവനും ആയ പ്രവാചകൻ ?
26. വിഡ്ഢിത്തത്തിൽ ഒന്നാമനും വിവേകത്തിൽ ഒടുവിലത്തവനും എന്നു പറയുന്നത് ആരെക്കുറിച്ചാണ് ?
27. വാക്കുകളിലുടെ വിശ്വാസ്യനായ ദീർഘദർശിയായി അറിയപ്പെട്ടതാര് ?
28. വിശ്വസ്തതയും സൗമ്യതയും കൊണ്ട് വിശുദ്ധീകരിക്കപ്പെട്ടതാര് ?
29. എല്ലാ മനുഷ്യർക്കും വേണ്ടിയുള്ള അനുഗ്രഹവും ഉടമ്പടിയും ആരുടെ ശിരസ്സിൽ വച്ചു?
30. അത്യുന്നതൻ ഭൂമിയിൽ ഉപ്പുപോലെ വിതറുന്നതെന്താണ്?.
31. ജോടികളായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്താണ് ?
32. പാതാളത്തിൽ ചോദ്യമില്ലാത്തത് എന്തിനെപ്പറ്റിയാണ് ?
33 ധൂപകലശത്തിൽ പുകയുന്ന സുഗന്ധ ദ്രവ്യം പോലെ എന്നു പറയുന്നതാരെക്കുറിച്ച് ?
34. 'ആ ജനത വിശുദ്ധമന്ദിരം സ്ഥിതിചെയ്യുന്ന തിരഞ്ഞെടുക്കപ്പെട്ട നഗരത്തിനു തീ വച്ചു.'' എന്നു പ്രവചിച്ചതാര് ?
35. ആഗ്നേയാശ്വങ്ങളെ ബന്ധിച്ച രഥത്തിൽ അഗ്നിയുടെ ചുഴലിക്കാറ്റിൽ സംവഹിക്കപ്പെട്ടതാര് ?
36. മനുഷ്യർ എന്തിനെ പ്രതിയാണ് വിലപിക്കുന്നത് ?
37. ബലിപീഠത്തിനു മുന്നിൽ മധുരമായ ഗാനം ആലപിക്കാൻ ഗായക സംഘത്തെ നിയോഗിച്ചതാര് ?
38. ജോഷ്വാ ശത്രുക്കളെ നശിപ്പിച്ച സ്ഥലം?
39. വിശിഷ്ടമായ തിരുവസ്ത്രങ്ങൾ കൊണ്ട് കർത്താവ് അനുഗ്രഹിച്ചതാരെ?
40. കർത്താവ് ആദിമുതൽ തന്നെ തന്റെ പ്രതാപവും മഹത്വവും ഓഹരിയായി നൽകിയതാർക്ക് ?
41. എല്ലാറ്റിന്റെയും സാരമെന്താണ് ?
42. ആരെയാണ് കർശനമായി സൂക്ഷിക്കേണ്ടത് ?.
43. ________ചെയ്തിട്ട് കൊട്ടിഘോഷിക്കാതിരിക്കുക.
44. തങ്ങളുടെ സർവവിഭൂഷകളോടും കൂടെ കർത്താവിനുള്ള കാഴ്ചകൾ കരങ്ങളിലേന്തിയതാര് ?
45. ദുഷ്ടരുടെ നാളുകളിൽ ദൈവഭക്തി ബലപ്പെടുത്തിയതാര് ?
46. ജീവിച്ചിരുന്നപ്പോഴെന്നപോലെ മരണശേഷവും അത്ഭുതങ്ങൾ പ്രവർത്തിച്ചതാര് ?
47. 'ഭരണകാലം സമാധാന പൂർണമായിരുന്നു' എന്നു പറയുന്നതാരെക്കുറിച്ചാണ് ?
48. 'നിദ്ര പ്രാപിച്ചതിനു ശേഷം പോലും പ്രവചിച്ചു.' എന്നു പറയപ്പെടുന്നതാരെക്കുറിച്ചാണ് ?
49. പൗരോഹിത്യത്തിന്റെ മഹിമ എന്നേയ്ക്കും അണിയുന്നതിനു വേണ്ടി ഒരു സമാധാന ഉടമ്പടി ഉറപ്പിക്കപ്പെട്ടത് അരുമായാണ്?
50. തന്റെ ഭക്തർക്ക് അവിടുന്ന് ____________പ്രദാനം ചെയ്യുന്നു.

# ലോഗോസ് ക്വിസ്സ്
# ടെസ്റ്റ് പേപ്പർ 1-ന്റെ ഉത്തരങ്ങൾ

1. ഫിനെഹാസ് (20:28)
2. ഒരാട്ടിൻകുട്ടി (15:1)
3. താടിയെല്ലിന്റെ മല (12:3)
4. ജഫ്ത
5. നീ ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും (13: 3,5,7)
6. ചോദ്യം ക്യാൻസൽ ചെയ്തു
7. ദാനിന്റെ പാളയം (footnote page 318)
8. കാന—ൻ ദേശത്തു ഷിലോയിലെ പാളയത്തിൽ (21:12)
9. ബഞ്ചമിൻ (21:16)
10. ഗാസ (17:21)
11. ഭോക്താവിൽ നിന്നു ഭോജനവും മല്ലനിൽ നിന്ന് മാധുര്യവും പുറപ്പെട്ടു (14:14)
12. ജഫ്താ (11:)
13. ലേഹിപട്ടണം (15:9)
14. മിക്ക (17:13)
15. ഇസ്രായേലിനു (21:6)
16. ഗിബെയാ (19:14)
17. മുന്തിരിത്തോപ്പിൽ (14:5)
18. ജഫ്താ (11:32)
19. 2 തവണ (13:3,9)
20. 4 പ്രാവശ്യം (17:17)
21. യൂദാ (20:18)
22. ലായിഷ് (18:28)
23. ഫിലിസ്ത്യരുടെ (15:5)
24. എഫ്രായിംകാർ (12:4)
25. സാംസൺ (14:2)
26. എൻഹക്കോർ (15:19)
27. ചോദ്യം ക്യാൻസൽ ചെയ്തു
28. സമൂഹത്തിലെ ശ്രേഷ്ഠൻമാർ (21:20)
29. 5 (18:2)
30. 30 (14:11)
31. തോബ് (11:3)
32. സാംസൺ (15:7)

33 ലായിഷിലെ ജനങ്ങൾ (18:7)

34. ഷിലോയിലെ (21:19)
35. മിസ്പായിൽ (20:1)
36. ഏത്താം പാറക്കെട്ടിൽ (15:8)
37. അർനോൺ (11:8)
38. അഭ്യാസം കാണിക്കാൻ (17:25

39. ശപിക്കപ്പെട്ടവൻ (21:18)
40. ദലീല (16:4)
41. മൂവായിരം ആളുകൾ (15:11)
42. ബെത്‌ലഹേമിൽ (12:10)
43. മനോവയുടെ (13:14)
44. ഗിബെയായിൽ (20:20)
45. യോദ്ധായിലെ മൂവായിരം ആളുകൾ (15:13)
46. സീഹോൻ (11:20)
47. സാംസൺ (13:5)
48. എഫ്രായിംകാർ (12:1)
49. ബാലാക്ക് (11:25)
50. ദാൻ (13:2)

# 2024 ഡിസംബർ മാസത്തെ ലോഗോസ് ക്വിസ് വിജയികൾ

## Ist

ലില്ലി കെ.

## IInd

രജനി എസ്.ജെ.
ബീന ഷാജി
നിബി സാന്റ ബി.എസ്.

## IIIrd

കാഞ്ചന ജെ.
ആരോൺ എസ് അലോഷ്യസ്
ഷീജ ബെറ്റി
സരിത ഒ.
ജ്യോത്സന ജെ.എൽ.
ഷീബറാണി ആർ.എം.

## പ്രത്യേക ശ്രദ്ധയ്ക്ക്

വിജയികൾക്ക് എല്ലാ മാസവും (ഒന്ന്,രണ്ട് സ്ഥാനക്കാർക്ക്) സമ്മാനങ്ങൾ നൽകുന്നതിനോടൊപ്പം ഡിസംബർ മുതൽ നവംബർ വരെയുള്ള 12 മാസത്തെയും ആകെ മാർക്ക് പരിഗണിച്ച് മെഗാ സമ്മാനങ്ങളും നൽകുന്നതാണ്.

# പ്രത്യാശയിലേക്കൊരു ജൂബിലിവർഷം



കത്തോലിക്കാ സഭാപാരമ്പര്യമനുസരിച്ച് വിശുദ്ധമായ ഒരു വർഷമാണ് ജൂബിലിവർഷം. ദൈവസ്നേഹത്തിന്റെയും ദൈവകരുണയുടെയും, സഭാഗാത്രത്തിലെ അംഗങ്ങൾ എന്ന നിലയിൽ ദൈവത്തിലുള്ള വിശ്വാസത്തിന്റെയും, മാനവരാശിയോടുള്ള ദൈവസ്നേഹത്തിന്റെ പ്രകടനമായി ക്രിസ്തുവിലൂടെ ദൈവം സംലഭ്യമാക്കിയ രക്ഷയെക്കുറിച്ചുള്ള പ്രത്യാശയുടെയും, ദൈവാനുഗ്രഹങ്ങൾക്കുള്ള നന്ദിയുടെയും ഒക്കെ ആഘോഷത്തിന്റെ അവസരം കൂടിയാണ് ജൂബിലിവർഷം. ക്രിസ്തുവിന്റെ ജനനത്തിന്റെ 2025 വർഷങ്ങൾ തീർത്ഥാടകയായ സഭാമാതാവ് ആഘോഷിക്കുമ്പോൾ , ഇതൊരു അനുഗൃഹീതമായ കാലമായി മാറുകയാണ്. ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും വിമോചനത്തിന്റെയും ദൈവകരുണയുടെയും ഒക്കെ ഒരു കാലം.

2024 മെയ് 9ന് ഫ്രാൻസിസ് പാപ്പാ നൽകിയ സ്പേസ് നോൺ കൊൺഫൂന്തിത് (Spes non confundit), പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല എന്ന പേപ്പൽ ബൂള വഴി ഔപചാരികമായി പ്രഖ്യാപിക്കപ്പെട്ട 2025ലെ ജൂബിലിവർഷം 2024 ഡിസംബർ ഇരുപത്തിനാലാം തീയതിമുതൽ 2026 ജനുവരി 6 വരെയുള്ള സമയത്താണ് സഭ ആചരിക്കുക. ദൈവികമായ പ്രത്യാശയിൽ ആഴപ്പെട്ട് നിത്യതയെ ലക്ഷ്യമാക്കിയുള്ള നമ്മുടെ തീർത്ഥാടനം തുടരാൻ പ്രചോദനവും ശക്തിയുമേകുന്ന ഒരു സന്ദേശമാണ് ഈ ജൂബിലിവർഷത്തിലൂടെ പാപ്പായും സഭയും നമുക്ക് മുന്നിൽ വയ്ക്കുന്നത്. ഈ വർഷത്തിൽ നമുക്ക് മുന്നിൽ തെളിയുന്ന വിവിധ ചിന്തകളിൽ പ്രധാനപ്പെട്ടവ, രക്ഷയിലേക്കുള്ള നമ്മുടെ മാർഗ്ഗമായ ക്രിസ്തുവിനെ അനുസ്മരിപ്പിക്കുന്ന വിശുദ്ധ വാതിലും, ഈ വർഷത്തിലേക്കായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ആപ്തവാക്യവും ലോഗോയും, മറ്റേതൊരു ജൂബിലിയുടെ അവസരത്തിലുമെന്നപോലെ, 2025ൽ നമുക്ക് മുന്നിൽ അളവുകളില്ലാതെ വർഷിക്കപ്പെടു

ന്ന കരുണയും ദൈവവുമായുള്ള അനുരഞ്ജനസാധ്യതകളുമൊക്കെയാണ്.

## ജൂബിലി ആഘോഷത്തിന്റെ ചരിത്രവഴികൾ

വിശുദ്ധ പത്രോസിന്റെ കബറിടമുള്ള വത്തിക്കാനിലേക്ക് രണ്ടാം നൂറ്റാണ്ടിൽത്തന്നെ തീർത്ഥാടകർ എത്തിത്തുടങ്ങിയിരുന്നു. പിന്നീടങ്ങോട്ടുള്ള നൂറ്റാണ്ടുകളിൽ, പ്രത്യേകിച്ച് ജൂബിലി വർഷങ്ങളുടെ അവസരങ്ങളിൽ ഈ തീർത്ഥാടകരുടെ എണ്ണം വർദ്ധിച്ചുവന്നു. നാലാം നൂറ്റാണ്ടിൽ പണിയപ്പെട്ട ആദ്യ ബസലിക്കതന്നെ വളരെയേറെ തീർത്ഥാടകർക്ക് ഇടമേകാൻ തക്ക വലിപ്പമേറിയതായിരുന്നു. നിലവിലെ ബസലിക്കയാകട്ടെ ഏതാണ്ട് ഇരുപത്തിരണ്ടായിരം സ്ക്വയർ മീറ്റർ വലിപ്പമുള്ളതാണ്. തീർത്ഥാടകരും സന്ദർശകരുമായി ദിനം പ്രതി ഏതാണ്ട് അൻപതിനായിരത്തോളം ആളുകളാണ് ഇവിടെയെത്തുന്നത്.

കത്തോലിക്കാസഭയിൽ ആദ്യമായി ജൂബിലി ഔദ്യോഗികമായി ആഘോഷിക്കപ്പെട്ടത് 1300ലാണ്. 1294 മുതൽ 1303 വരെ സഭയെ നയിച്ച ബൊനിഫാസ് എട്ടാമൻ പാപ്പാ ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തിയതിനെകുറിച്ച്, വിശുദ്ധ പത്രോസിന്റെ ബസലിക്കയിലുള്ള വിശുദ്ധവാതിലിൽ , വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിന്റെ ആഘോഷദിനമായ 1300 ഫെബ്രുവരി 22 എന്ന തീയതിയോടെ രേഖപ്പെടുത്തിയിരിക്കുന്നത് നമുക്ക് കാണാനാകും. ഓരോ നൂറു വർഷങ്ങളിലും ജൂബിലി ആഘോഷിക്കുവാനായിരുന്നു ആദ്യ തീരുമാനമെങ്കിലും, പിന്നീട് കുറച്ചുവർഷങ്ങൾക്ക് ശേഷം ഓരോ അൻപത് വർഷങ്ങളിലും ജൂബിലി ആഘോഷം നടത്താൻ ക്ലമന്റ് ആറാമൻ പാപ്പായും ക്രിസ്തുവിന്റെ ജീവിതകാലം പോലെ ഓരോ മുപ്പത്തിമൂന്ന് വർഷങ്ങളിലും ജൂബിലി ആഘോഷിക്കാൻ ഉർബൻ ആറാമൻ പാപ്പായും തീരുമാനമെടുത്തു. പതിനഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ, ഓരോഇരുപത്തിയഞ്ച് വർഷങ്ങളിലും ജൂബിലി ആഘോഷം നടത്താൻ 1470ൽ പോൾ രണ്ടാമൻ പാപ്പായാണ് തീരുമാനമെടുത്തത്. ഇന്നുവരെ പൊതുവെ ഈ ഒരു രീതിയാണ് സഭയിൽ പാലിച്ചുപോന്നിട്ടുള്ളത്.

## വിശുദ്ധ വാതിലുകളും ജൂബിലിയും

ജൂബിലി വർഷത്തിൽ ഏറെ ശ്രദ്ധേയവും ആകർഷണീയവുമായ ഒരു ചടങ്ങ് റോമിലെ മേജർ ബസലിക്കകളിൽ പ്രത്യേകമായ വിശുദ്ധവാതിലുകൾ തുറക്കപ്പെടുന്നതാണ്. ഇത്തരം വിശുദ്ധ വാതിൽ തുറക്കുക എന്ന ചടങ്ങ് ജൂബിലിവർഷവുമായി ബന്ധിക്കപ്പെട്ടത് നിക്കോളാസ് അഞ്ചാമൻ പാപ്പായുടെ (1447-1445) കാലത്താണെന്ന് കരുതപ്പെടുന്നു. ഇടുങ്ങിയ വാതിലിലൂടെ രക്ഷയിലേക്ക് പ്രവേശിക്കുകയെന്ന ഒരു സുവിശേഷചിന്തയാണ് വിശുദ്ധവാതിൽ എന്ന യാഥാർത്ഥ്യത്തിന് പിന്നിൽ നമുക്ക് കാണാനാകുക.

സ്പേസ് നോൺ കൊൺഫൂന്തിത് എന്ന പ്രമാണരേഖയുടെ ആറാം ഖണ്ഡിക പ്രകാരം, റോമിലെ വിശുദ്ധ പത്രോസിന്റെ ബസലിക്ക (ഡിസംബർ 24), റോമാമെത്രാന്റെ കത്തീഡ്രൽ കൂടിയായ വിശുദ്ധ ജോൺ ലാറ്ററൻ ബസലിക്ക (ഡിസംബർ 29), വിശുദ്ധ മേരി മേജർ ബസലിക്ക (ജനുവരി 1), റോമൻ മതിലിന് പുറത്തുള്ള വിശുദ്ധ പൗലോസിന്റെ ബസലിക്ക (ജനുവരി 5) എന്നീ നാല് മേജർ ബസലിക്കകളിലും റോമിൽത്തന്നെയുള്ള റേബിബ്ബിയ എന്ന പേരിലുള്ള ഒരു ജയിലിലുമാണ് (ഡിസംബർ 26), ഇത്തവണത്തെ വിശുദ്ധവതിലുകൾ തുറക്കപ്പെടുക.

ഇവയിൽ വിശുദ്ധ പത്രോസിന്റെ ബസലിക്കയിലെ വാതിൽ ഡിസംബർ ഇരുപത്തിനാലിന് വൈകുന്നേരം തുറക്കുന്നതോടെയാണ് ജൂബിലി വർഷം ആരംഭിക്കുന്നതെന്ന് നമുക്കറിയാം. ജൂബിലിയുമായി ബന്ധപ്പെട്ട് റോമിലെത്തുന്ന അനേകായിരങ്ങൾക്ക് വിശുദ്ധവാതിലിലൂടെ കടക്കുവാനുള്ള സാധ്യത ഉറപ്പാക്കാൻ വേണ്ടിയാണ് നാല് ബസലിക്കകളിൽ വിശുദ്ധവാതിൽ തുറക്കുവാനുള്ള തീരുമാനം സ്വീകരിച്ചിരിക്കുന്നത്. 'ഞാനാണ് വാതിൽ; എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും.

## ജൂബിലിവർഷത്തിന്റെ ആപ്തവാക്യവും ലോഗോയും

'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന, തികച്ചും അർത്ഥവത്തായ ഒരു ആപ്തവാക്യമാണ് ഫ്രാൻസിസ് പാപ്പാ 2025ലെ ജൂബിലിക്കായി തിരഞ്ഞെടുത്തിരിക്കുന്നത്. ക്രൈസ്തവർ എന്ന നിലയിൽ, ഈ ഭൂമിയിലെ വിശ്വാസതീർത്ഥാടകരായ നമ്മിൽ പ്രത്യാശയും, ഒരേ ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യുന്നവർ എന്ന നിലയിൽ ഐക്യസഹോദര്യചിന്തകളും, ഉണർത്തുന്ന ഒരു ആപ്തവാക്യമാണിത്. ക്രൈസ്തവരുടെ അനുദിനജീവിതം പ്രത്യാശ നിറഞ്ഞ, ശുഭാപ്തിവിശ്വാസത്തിന്റേതായ ഒരു യാത്രയാകേണ്ടതാണെന്ന് നാം മറന്നുപോകരുത്. പരിശുദ്ധാത്മാവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് നീങ്ങുന്ന തീർത്ഥാടകരും ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളുമായ നമ്മെ കാത്തിരിക്കുന്ന ഒരു സ്നേഹപിതാവിന്റെ കണ്മുന്നിലൂടെ, രക്ഷയിലേക്കുള്ള നമ്മുടെ വാതിലും മാർഗ്ഗവുമായി സ്വയം നൽകിയ, രക്ഷകനും നാഥനുമായ ക്രിസ്തുവിന്റെ അരികിലേക്കുള്ള ഒരു യാത്രയിലാണ് നാമെന്ന ബോധ്യവും തിരിച്ചറിവും നമ്മിൽ പ്രത്യാശയും സ്ഥൈര്യവും വളർത്തുന്നതാണ്.

പ്രത്യാശയുടെ തീർത്ഥാടകരുടെ വിശ്വാസയാത്ര പ്രത്യാശയുടെ അടയാളമായ കുരിശിലേക്കും, അതിൽ സ്വജീവനേകി നമുക്ക് നിത്യജീവിതത്തിന്റെ വാതിൽ തുറന്നിട്ട ക്രിസ്തുവിലേക്കുമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു ചിത്രമാണ് 2025ലെ ജൂബിലിയുടെ ഔദ്യോഗികചിഹ്നമായി പാപ്പാ സ്വീകരിച്ചിട്ടുള്ളത്. ലോകത്തിന്റെ ദുരിതങ്ങളും ദു:ഖങ്ങളും ചോദ്യങ്ങളും വെല്ലുവിളികളും ആടിയുലയ്ക്കുന്ന മനുഷ്യജീവിതത്തിന് മുന്നിൽ, കരുത്തുറ്റ അഭയമാണ് ദൈവമെന്ന ചിന്ത പകരുന്ന ഒരു ചിത്രമാണിത്. ക്രിസ്തുവിന്റെ കുരിശിലേക്കായുന്ന നാല് വർണ്ണങ്ങളിലുള്ള നാല് മനുഷ്യർ ലോകത്തിന്റെ നാല്

ദിക്കുകളിൽനിന്നുമുള്ള മനുഷ്യരെയാണ് പ്രതിനിധാനം ചെയ്യുന്നത്. അവരിൽ കുരിശിനോടടുത്ത് നിൽക്കുന്ന മനുഷ്യൻ കുരിശിനെ നെഞ്ചോട് ചേർത്ത് ചുറ്റിപ്പിടിച്ചിരിക്കുകയാണ്. ബാക്കിയുള്ള സഹയാത്രികരാകട്ടെ ഒന്നിന് പിറകെ ഒന്നായി ചേർത്ത് പിടിച്ച് ക്രിസ്തുവിലേക്കുള്ള തങ്ങളുടെ ജീവിതയാത്രയിൽ പ്രത്യാശയോടെ മുന്നേറുന്നു. കുരിശിന്റെ താഴ്ഭാഗത്ത് ഒരു നങ്കൂരം നമുക്ക് കാണാം. കാറ്റും കോളും നിറഞ്ഞ ലോകസാഗരത്തിൽ ഭക്തന്റെ, വിശ്വാസിയുടെ തോണിയെ ലക്ഷ്യത്തിൽനിന്ന് അകലാൻ വിട്ടുകൊടുക്കാതെ പിടിച്ചുനിറുത്തുന്നത് ക്രിസ്തുവിലുള്ള അടിയുറച്ച വിശ്വാസമാണ്. അവനെ മുറുകെപ്പിടിച്ചാൽ ഒരു കാറ്റിനും കോളിനും നമ്മുടെ ജീവിതതോണിയെ തകർക്കാനാകില്ലെന്ന തിരിച്ചറിവ് നൽകുന്ന ആനന്ദവും ആശ്വാസവും ചെറുതല്ല. വിശുദ്ധഗ്രന്ഥത്തിൽ നാം വായിക്കുന്നതുപോലെ, ശിഷ്യർക്കൊപ്പം യാത്ര ചെയ്യവേ, കടലിനെ ശാന്തമാക്കുകയും, അവർക്ക് ധൈര്യം പകരുകയും ചെയ്ത യേശു (മർക്കോസ് 4, 3541) നമ്മുടെ ലക്ഷ്യം മാത്രമല്ല, നമ്മുടെ സഹയാത്രികൻ കൂടിയാണെന്ന ചിന്ത നമ്മിൽ പ്രത്യാശ നിറയ്ക്കുന്നുണ്ട്. ക്രൈസ്തവവിശ്വാസയാത്ര ഒരു ഏകാകിയുടെ യാത്രയല്ലെന്ന്, വഴിയിൽ സഹോദരങ്ങളെ തിരിച്ചറിഞ്ഞ്, അവരെയും ചേർത്തുപിടിച്ച് നടത്തേണ്ട, ഐക്യത്തിന്റെയും സഹകരണത്തിന്റെയും പ്രോത്സാഹനത്തിന്റെയും പരസ്പരം ധൈര്യവും കരുത്തും പകരുന്നതിന്റേതുമായ ഒരു യാത്രയാണെന്ന് ജൂബിലിയുടെ ഔദ്യോഗികചിഹ്നം പ്രത്യാശയുടെ തീർത്ഥാടകരെ ഓർമ്മിപ്പിക്കുന്നുണ്ട്. ചിത്രത്തിൽ കാണുന്ന ഉയർന്നുവരുന്ന തിരമാലകൾ, ഈ ലോകമെന്നത് മറ്റെല്ലാവർക്കുമെന്നതുപോലെ ക്രൈസ്തവർക്കും, പ്രതിബന്ധങ്ങളുടെയും വെല്ലുവിളികളുടെയും ഇടമാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്. എന്നാൽ നാം ലക്ഷ്യം വച്ചിരിക്കുന്നത്, പ്രപഞ്ചസ്രഷ്ടാവും നിയന്താവും പരിപാലകനും നാഥനുമായ ദൈവത്തിലാണ്. ദൈവമക്കൾ എന്ന നിലയിൽ ക്രിസ്തുവിൽ സഹോദരങ്ങളായ നാം ജൂബിലിയുടെ ഈ ഒരു വർഷത്തിൽ മാത്രമല്ല, എല്ലായ്പ്പോഴും ഐക്യത്തോടും സഹകരണമനോഭാവത്തോടും ഒരുമയിലും വേണം നമ്മുടെ വിശ്വാസയാത്രയിൽ മുന്നേറേണ്ടതെന്ന് മറക്കാതിരിക്കാം.



നെയ്യാറ്റിൻകര

**പ്രത്യാശ ജീവസുറ്റതാണ്, അത് നമ്മുടെ ജീവിതത്തെ വലയം ചെയ്യുന്നു, വിശുദ്ധ വാതിൽ തുറന്നുകൊണ്ട് പാപ്പാ**

പ്രത്യാശ നശിച്ചിട്ടില്ലെന്നും നമ്മുടെ ജീവിതത്തെ എന്നന്നേക്കുമായി ആവരണം ചെയ്യുന്ന ജീവസുറ്റതും നിരാശപ്പെടുത്താത്തതുമാണ് അതെന്നും പാപ്പാ. തിരുപ്പിറവിത്തിരുന്നാളിന്റെ തലേന്ന് രാത്രി വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ വിശുദ്ധ വാതിൽ തുറന്നുകൊണ്ട് പ്രത്യാശയുടെ ജൂബിലിവർഷത്തിന് തുടക്കം കുറിച്ച ഫ്രാൻസീസ് പാപ്പാ തുടർന്നർപ്പിച്ച തിരുപ്പിറവിത്തിരുന്നാൾ നിശാ ദിവ്യബലിമദ്ധ്യേ പങ്കുവച്ച സുവിശേഷ ചിന്തകളിലാണ് ഇപ്രകാരം ഉദ്ബോധിപ്പിച്ചത്.

**ദൈവീകസാമീപ്യം ഓർമ്മപ്പെടുത്തുന്നതാണ് ക്രിസ്തുമസ്: പാപ്പാ**

ദൈവീകസ്നേഹത്തിന്റെ വെളിപ്പെടുത്തലാണ് പിറവിത്തിരുനാളെന്നും, എന്നാൽ ഈ സ്നേഹം നമ്മുടെ ജീവിതത്തിൽ സഹോദരങ്ങളോടുള്ള സ്നേഹത്തിനു പ്രചോദനമാകണമെന്നും എടുത്തു പറഞ്ഞു.

**ദൈവമാതാവിന്റെ തിരുനാൾ ക്രിസ്തുവിന്റെ ജനനമെന്ന രഹസ്യത്തിലേക്ക് നമ്മെ നയിക്കുന്നു: ഫ്രാൻസിസ് പാപ്പാ**

ഒരമ്മയെന്ന നിലയിൽ, തന്റെ പുത്രനായ യേശുവിലേക്കാണ് പരിശുദ്ധ കന്യകാമറിയം നമ്മെ നയിക്കുന്നതെന്നോർമ്മിപ്പിച്ച് ഫ്രാൻസിസ് പാപ്പാ. ദൈവമാതാവായ മറിയത്തിന്റെ തിരുനാൾ ആഘോഷിക്കുന്ന ജനുവരി 1ന് വിശുദ്ധ പത്രോസിന്റെ ബസലിക്കയിൽ വിശുദ്ധബലിമദ്ധ്യേ നടത്തിയ പ്രഭാഷണത്തിലാണ് ക്രൈസ്തവവിശ്വാസത്തിൽ പരിശുദ്ധ അമ്മയ്ക്കുള്ള പ്രാധാന്യം പാപ്പാ പ്രത്യേകം അനുസ്മരിച്ചത്. മറിയത്തിന്റെ ഉദരത്തിലൂടെ നമ്മിലൊരാളായി മാറിയ ദൈവത്തെക്കുറിച്ചും, ജൂബിലിയുമായി ബന്ധപ്പെട്ട് അടുത്തിടെ തുറന്ന വിശുദ്ധവാതിലിനെക്കുറിച്ചും പ്രതിപാദിക്കവേ, പരിശുദ്ധ അമ്മ എന്ന വാതിലിലൂടെയാണ് ക്രിസ്തു ലോകത്തിലേക്ക് കടന്നുവന്നതെന്ന് വിശുദ്ധ അംബ്രോസിന്റെ വാക്കുകൾ പരാമർശിച്ചുകൊണ്ട് പാപ്പാ ഉദ്ബോധിപ്പിച്ചു.

Authorised Training Centre of

KERALA STATE RUTRONIX

# ഗവ. അംഗീകൃത കമ്പ്യൂട്ടർ കോഴ്സുകളിലേക്ക്

# കേരള സ്റ്റേറ്റ് റൂട്രോണിക്സ്

PSC
ഗവ. അംഗീകൃത

## അപേക്ഷ ക്ഷണിക്കുന്നു

| Course | Eligibility |
|---|---|
| PGDCA | Eligibility : Degree |
| DCA | Eligibility : SSLC & Above |
| WEB DESIGNING | Eligibility : SSLC & Above |
| TALLY GST | Eligibility : SSLC & Above |
| CTTC | Eligibility : SSLC & Above |
| DATA ENTRY | Eligibility : SSLC & Above |
| CAD | Eligibility : ITI, +2 & above |
| DTP | Eligibility : SSLC & Above |

Cybo TECH
COMPUTERS

Near Bus Stand Jn, Convent Road
Neyyattinkara Ph: 8281105686
cybotechonline.in,
cybotech@gmail.com, 9446903873

**ഡിജിറ്റൽ മാർക്കറ്റിംഗ് കോഴ്സിലേക്ക് അഡ്മിഷൻ തുടരുന്നു**

# ENGLISH TUITION CENTRE

## മണ്ണക്കല്ല്



ക്ലാസുകൾ : Std. VII മുതൽ X,
പ്ലസ് വൺ പ്ലസ് ടു
മൊബൈൽ 8075462494
സോനാ എസ്.എസ്. MA (ഇംഗ്ലീഷ്, Bed.)

# തിരുപുറം വിശുദ്ധ ഫ്രാൻസിസ് സേവ്യർ ദൈവാലയത്തിൽ 2025–28 കാലയളവിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ

